FAX

# കേരള സർക്കാർ

## പൊതുഭരണ (ഏകോപനം) വകുപ്പ്

നം. സി.ഡി.എൻ.4/205/2017/പൊ.ഭ.വ. തീയതി, തിരുവനന്തപുരം, 21-12-2017

**<u>പരിപത്രം</u>**

വിഷയം :- ഓഖി ചുഴലിക്കാറ്റ് — മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും രണ്ട് ദിവസത്തെ വേതനം സംഭാവനയായി നല്കുന്നതിനുള്ള അഭ്യർത്ഥന സംബന്ധിച്ച്.

സൂചന- 1) 14/12/2017 ലെ ഇതേ നമ്പർ പരിപത്രം

2) 20/12/2017 ൽ നടന്ന സർവ്വീസ് സംഘടനകളുടെ യോഗം

ഓഖി ചുഴലിക്കാറ്റിനാൽ ദുരിതമനുഭവിക്കുന്ന മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്കും മറ്റ് ദുരിത ബാധിതർക്കും ആശ്വാസമാകത്തക്കവിധം കൂടുതൽ സഹായം ലഭ്യമാക്കുന്നതിലേക്കായി സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിൽ നിന്നും രണ്ട് ദിവസത്തെ വേതനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകണമെന്ന് സൂചന 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

ഈ വിഷയത്തിൽ സർവ്വീസ് സംഘടനകളുടെ അഭിപ്രായം മാനിച്ച് രണ്ടുദിവസത്തെ ശമ്പളം എന്നത് ജീവനക്കാരുടെ രണ്ടുദിവസത്തെയോ , അവർ തീരുമാനിക്കുന്ന രീതിയിൽ നിശ്ചിത ദിവസങ്ങളിലെ ശമ്പളമോ അല്ലെങ്കിൽ അവർക്ക് ഇഷ്ടമുള്ള തുകയോ സംഭാവനയായി നൽകാവുന്നതാണ്. ഈ തുക ഓഖി ദുരിതാശ്വാസബാധിതർക്ക് പ്രത്യേകമായി ആരംഭിച്ച (STSB – 799011400003321, District Treasury , Thiruvananthapuram എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നതിന് ബന്ധപ്പെട്ട ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സ്മെന്റ് ഓഫീസർമാരെ അധികാരപ്പെടുത്തേണ്ടതാണെന്ന് എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിർദ്ദേശം നൽകുന്നു. കൂടാതെ ബാങ്കിലും (AC. No. 67319948232 , State Bank of India, City Branch, Thiruvananthapuram , IFS Code – SBIN0070028) നേരിട്ടടയ്ക്കാവുന്നതാണ്. സമ്മതപത്രം നൽകാത്ത ജീവനക്കാർക്ക് രണ്ട് ദിവസത്തെ ശമ്പളം സംഭാവനയായി നൽകാൻ സമ്മതമാണെന്ന അനുമാനത്തിൽ സ്പാർക്ക് വഴി കുറവ് വരുത്തുന്നതാണ്. ഓഖി ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകുന്ന എല്ലാ തുകയും ഇൻകംടാക്സ് ഇളവിന് അർഹതയുണ്ടായിരിക്കുന്നതുമാണ്.

കെ.എം.എബ്രഹാം

ചീഫ് സെക്രട്ടറി

CE

R & B AND ADMN

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വകുപ്പ് മേധാവികൾക്കും

എല്ലാ പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്ക്

ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം